# ആമുഖം

മാന്യരെ,

ഭൂവിസ്തൃതിയിലും ജനസംഖ്യയിലും ജില്ലയിലെ വലിയ പഞ്ചായത്തുകളിലൊന്നാണ് എടത്തല ഗ്രാമപഞ്ചായത്ത്. കാർഷികവും വ്യാവസായികവുമായി ചെറുതും വലുതുമായ ഒട്ടനവധി സ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട എണ്ണമറ്റ ആവശ്യങ്ങളുമാണ് പൊതു സമൂഹത്തിന് നിറവേറ്റപ്പെടുവാനുള്ളത്.

വിഷയവൈവിധ്യവും ബാഹുല്യവും കൊണ്ട് ഭാരിച്ച ഉത്തരവാദിത്വമാണ് ജനങ്ങൾക്കു വേണ്ടി ഈ ആഫീസിന് നിർവ്വഹിക്കാനുള്ളത് എന്ന സുവ്യക്തമായ അവബോധം ഞങ്ങൾക്കുണ്ട്. സമയവും സൗകര്യങ്ങളും ബഹുജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും അവരുടെ ക്ഷേമത്തിനുമായി ഉഴിഞ്ഞുവക്കേണ്ട വരദാനമായിട്ടാണ് പഞ്ചായത്ത് കാണുന്നത്.

പൊതുജനങ്ങളുടെ ഏതുവിധ ആഫീസ് കാര്യങ്ങളും സമയബന്ധിതമായും അർത്ഥപൂർണ്ണമായി കാര്യക്ഷമതയോടെയും നിർവ്വഹിച്ചുകിട്ടുന്നു എന്നുറപ്പു വരുത്തേണ്ട ബാദ്ധ്യത നാം ഓരോരുത്തർക്കുമുണ്ട്. വൈകി ലഭിക്കുന്ന നീതി, നീതി നിഷേധത്തിനു തുല്യമാണല്ലോ.

ഈയൊരു കാഴ്ചപ്പാടോടെ, ആത്മാർത്ഥതയോടെ, പൗരാവകാശരേഖ പൊതുജനങ്ങളുടെ ക്ഷേമത്തിനുതകുമെന്ന ആത്മവിശ്വാസത്തോടെ ഞങ്ങൾ സമർപ്പിക്കുകയാണ്.

| | (ഒപ്പ്) | (ഒപ്പ്) |
|---|---|---|
| | സജി തോമസ് | പ്രീജ കുഞ്ഞുമോൻ |
| എടത്തല | സെക്രട്ടറി | പ്രസിഡന്റ് |

15.02.2024

# ഉള്ളടക്കം



| | | |
|---|---|---|
| 1 | എടത്തല ഗ്രാമപഞ്ചായത്ത് – അടിസ്ഥാന വിവരങ്ങൾ | 1 – 6 |
| 2 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സേവനങ്ങൾ | 9 – 22 |
| 3 | കൃഷിഭവൻ മുഖേന നൽകുന്ന സേവനങ്ങൾ | 23 – 25 |
| 4 | മൃഗാശുപത്രി മുഖേന നൽകുന്ന സേവനങ്ങൾ | 21 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾ | 22 |
| 6 | ഹോമിയോ ഡിസ്പൻസറി മുഖേന നൽകുന്ന സേവനങ്ങൾ | 23 |
| 7 | ആയുർവേദ ഡിസ്പൻസറി മുഖേന നൽകുന്ന സേവനങ്ങൾ | 23 |
| 8 | അങ്കണവാടികളിലൂടെ ലഭിക്കുന്ന സേവനങ്ങൾ | 24 |
| 9 | എൽ.പി. സ്കൂൾ മുഖേന നൽകുന്ന സേവനങ്ങൾ | 25 |
| 10 | വിവിധ നികുതികൾ അടക്കാതിരുന്നാലുണ്ടാകുന്ന പിഴപലിശ സംബന്ധിച്ച വിവരങ്ങൾ | 25 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി | 26 |
| 12 | അപ്പീൽ ഹർജികളും പരിഹാര മാർഗ്ഗങ്ങളും | 27 – 28 |
| 13 | വിവരാവകാശ നിയമം 2005 | 29 – 30 |
| 14 | അറിയിപ്പുകൾ | 30 – 35 |

# എടത്തല ഗ്രാമപഞ്ചായത്ത്

## അദ്ധ്യായം 1

### (അടിസ്ഥാന വിവരങ്ങൾ)

| | |
|---|---|
| വില്ലേജ് | : ആലുവ ഈസ്റ്റ്, ആലുവ വെസ്റ്റ് |
| ആകെ വാർഡുകൾ | : 21 |
| താലൂക്ക് | : ആലുവ |
| ബ്ലോക്ക് പഞ്ചായത്ത് | : വാഴക്കുളം |
| ജില്ലാപഞ്ചായത്ത് | : എറണാകുളം |
| നിയമസഭ നിയോജക മണ്ഡലം | : ആലുവ |
| ലോക്സഭ നിയോജക മണ്ഡലം | : ചാലക്കുടി |
| വിസ്തീർണ്ണം | : 15.98ച. കി. മി. |

അതിരുകൾ

| | |
|---|---|
| വടക്ക് | : കീഴ്മാട് ഗ്രാമപഞ്ചായത്ത്, ആലുവ മൂന്നാർ റോഡ് |
| തെക്ക് | : കിഴക്കമ്പലം , തൃക്കാക്കര മുൻസിപ്പാലിറ്റി, |
| കിഴക്ക് | : വാഴക്കുളം ഗ്രാമപഞ്ചായത്ത്. കിഴക്കമ്പലം |
| പടിഞ്ഞാറ് | : കളമശ്ശേരി മുൻസിപ്പാലിറ്റി, ചൂർണ്ണിക്കര |

| | |
|---|---|
| ആകെ ജനസംഖ്യ | : 44204 |
| പുരുഷൻമാർ | : 22071 |
| സ്ത്രീകൾ | : 22133 |
| ജനസാന്ദ്രത | : 1874/സാ$^2$ |
| സ്ത്രീപുരുഷാനുപാതം | : 982 |
| മൊത്തം സാക്ഷരത | : 36396 |

:

:

## പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| വാർഡ് നം. | ജനപ്രതിനിധിയുടെ പേര് | സ്ഥാനം |
|---|---|---|
| 19 | പ്രീജ കുഞ്ഞുമോൻ | പ്രസിഡന്റ് |
| 5 | എം എ ആബ്ദുൾ ഖാദർ | വൈസ് പ്രസിഡന്റ് |
| 1 | റഹ്മത്ത് ജെയ്സൽ | മെമ്പർ |
| 2 | ജസീന്ത ബാബു | മെമ്പർ |
| 3 | ഷൈനി ടോമി | മെമ്പർ |
| 4 | ഷെബീർ എൻ എച്ച് | മെമ്പർ |
| 6 | ഫെസീന | മെമ്പർ |
| 7 | ഹസീന ഹംസ | മെമ്പർ |
| 8 | റ്റി എം അബ്ദുൾ കരീം | മെമ്പർ |
| 9 | സുമയ്യ സത്താർ | ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി |
| 10 | എം എ നൗഷാദ് | മെമ്പർ |
| 11 | എം എ അജീഷ് | ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി |
| 12 | അസ്മ ഹംസ | ചെയർപേഴ്സൺ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി |
| 13 | സി എച്ച് ബഷീർ | മെമ്പർ |
| 14 | എ എസ് കെ അബ്ദുൾ സലീം | മെമ്പർ |
| 15 | ലിജി സി കെ | മെമ്പർ |
| 16 | കെ പി അംബിക | മെമ്പർ |
| 17 | ജാസ്മിൻ മുഹമ്മദ് | മെമ്പർ |
| 18 | അഫ്സൽ കുഞ്ഞുമോൻ | മെമ്പർ |
| 20 | ഷിബു പള്ളികുടി | മെമ്പർ |
| 21 | സ്വപ്ന ഉണ്ണി | മെമ്പർ |

**ലോക്സഭ അംഗം** : ശ്രീ.ബെന്നി ബെഹനാൻ

**നിയമസഭ അംഗം** : ശ്രീ.അൻവർ സാദത്ത്

# പഞ്ചായത്ത് ഓഫീസ് ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീ. സജി തോമസ് |
| അസി.സെക്രട്ടറി | : | വിനോദ് കെ |
| ഹെഡ്ക്ലർക്ക് | : | സീന പി ടി |
| അക്കൗ-ന്റ് | : | റിജി |
| സീനിയർ ക്ലർക്കുമാർ | : | മേരി ടെസ്സ അലക്സാണ്ടർ |
| | : | രൂപ ജോർജ്ജ് എം |
| | : | മിനി എം |
| | : | ബ്ലാഡിഷ് വാസു |
| ക്ലർക്കുമാർ | : | വിജയൻ എം |
| | : | ഗീതാഞ്ജലി ജി |
| | : | ചിത്തരഞ്ജൻ എം |
| | : | ആര്യ പ്രദീപ് |
| ഓഫീസ് അറ്റന്റന്റ് | : | ഉബൈസ് എ എച്ച് |
| ഓഫീസ് അറ്റന്റന്റ് | : | രശ്മി |
| പാർട്ട് ടൈം സ്വീപ്പർ | : | അലി |
| പാർട്ട് ടൈം ലൈബ്രറേറിയൻ | : | ജോയി |
| ടെക്നിക്കÂ അസിസ്റ്റന്റ് | : | സരിത വി.ആർ |
| പ്രോജക്ട് അസിസ്റ്റന്റ് | : | ബിൻസി |
| ഹെൽത്ത് ഇൻസ്പെക്ടർ | : | സ്കറിയ |

<u>എം.ജി.എൻ.ആർ.ഇ.ജി.എസ്</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | : | രമ ദേവി |
| ഓവർസീയർ | : | ഏലിയാസ് |
| അക്കൗ-ന്റ് കം ഐ ടി അസിസ്റ്റന്റ് | : | സൗപർണ്ണിക |
| | : | ധന്യ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | |
|---|---|
| സെക്രട്ടറി | : സജി തോമസ് |
| കൃഷി ഓഫീസർ | : മാരിയറ്റ് ജോസ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | : സീന കെ എസ് |
| വെറ്ററിനറി സർജൻ | : ഡോ ബബിത മാത്യു |
| മെഡിക്കÂ ഓഫീസർ–പി.എച്ച്.സി | : ഡോ.ഹന്നത്ത് എം |
| മെഡിക്കÂ ഓഫീസർ–ആയുർവേദം | : ഡോ ദീപ്തി |
| മെഡിക്കÂ ഓഫീസർ–ഹോമിയോ | : ഡോ.ധന്യ പ്രസാദ് |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : സിജിമോള് എ എൻ |
| വിÃജ് എക്സ്റ്റെൻഷൻ ഓഫീസർമാർ | : ആസിഫ് അഷറഫ് |
| | : റിബു വർഗ്ഗീസ് കെ |
| ഡയറി ഫാം ഇന്സ്ട്രക്റ്റർ | : സഹീറ എം എ |

# ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സേവനങ്ങൾ

| ക്രമ.നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | നിബന്ധനകൾ / ആവശ്യമായ രേഖകൾ | അടയ്ക്കേണ്ട ഫീസ് | ലഭ്യമാക്കുന്ന ദിവസം |
|---|---|---|---|---|---|
| 1 | ജനന/ മരണ രജിസ്ട്രേഷൻ | പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറം പൂരിപ്പിച്ച് നൽകണം | 1 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന ജനന / മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ.<br>2 വീട്ടിൽ വച്ചുള്ള ജനന/മരണങ്ങൾ 21 ദിവസത്തിനകം പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്<br>3 ആശുപത്രിയിൽ വച്ച് നടക്കുന്ന ജനന/മരണങ്ങൾ രക്ഷിതാക്കളിൽ നിന്നും ഫോറം പൂരിപ്പിച്ചു വാങ്ങി ബന്ധപ്പെട്ട ഡോക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>4 സ്ഥാപനങ്ങളിൽ വച്ചുനടക്കുന്ന മരണമാണെങ്കിൽ സ്ഥാപന ഉടമയും, അസ്വാഭാവിക മരണമാണെങ്കിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറും റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>5 രജിസ്ട്രേഷൻ ഫോറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിരിക്കണം<br>6 30 ദിവസം കഴിഞ്ഞ കേസുകളിൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ പ്രത്യേകാനുമതി ലഭ്യമാക്കണം ( ഒരു വർഷം വരെ)<br>7 ഒരു വർഷം കഴിഞ്ഞതാണെങ്കിൽ ബന്ധപ്പെട്ട ആർ.ഡി.ഒ. യുടെ പ്രത്യേകാനുമതി ലഭ്യമാക്കണം<br>8 നിശ്ചിത ഫീസ് അടക്കണം | 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് ഫീസില്ല | 7 പ്രവൃത്തി ദിവസം |
| 2 | ജനന / മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യൽ (22 ദിവസം മുതൽ 30 ദിവസം വരെ) | 22-ാം ദിവസം മുതൽ 30 -ാം ദിവസം വരെ ബന്ധപ്പെട്ട ഫോറം പൂരിപ്പിച്ച് നൽകിയാൽ സെക്രട്ടറി രജിസ്റ്റർ ചെയ്യും. | 1 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്നതും യഥാസമയം രജിസ്റ്റർ ചെയ്യാത്തതുമായ ജനന / മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ.<br>2 ജനന / മരണ രജിസ്ട്രാർക്ക് 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച് അപേക്ഷ (താമസിച്ചതിനുള്ള കാരണം കാണിച്ചിരിക്കണം) | 21 ദിവസം കഴിഞ്ഞ് 30 ദിവസംവരെ ലേറ്റ് ഫീ. 2 രൂപ | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 3 | ജനന / മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യൽ (30 ദിവസം മുതൽ 1 വർഷം വരെ) | ജില്ലാ ജനന / മരണ രജിസ്ട്രാറുടെ അനുമതിയോടുകൂടി സെക്രട്ടറി രജിസ്റ്റർ ചെയ്യും. | 1 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്നതും യഥാസമയം രജിസ്റ്റർ ചെയ്യാത്തതുമായ ജനന / മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ.<br>2 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച് ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ (താമസിച്ചതിനുള്ള കാരണം കാണിച്ചിരിക്കണം)<br>3 റിപ്പോർട്ട് ഫോറം പൂരിപ്പിച്ചത് - 2 കോപ്പി<br>4 2 ഗസറ്റഡ് ഓഫീസർ/ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (ഫോറം പഞ്ചായത്തിൽ നിന്നും ലഭിക്കുന്നതാണ്)<br>5 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ 5/- രൂപ | ജില്ലാ ജനനമരണ രജിസ്റ്റാറിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറക്ക് |
| 4 | ജനന / മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യൽ (1 വർഷം മുതൽ മേൽപ്പോട്ട്) | ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയോടുകൂടി സെക്രട്ടറി രജിസ്റ്റർ ചെയ്യും. | | ഒരു വർഷത്തിനു ശേഷം 10/- രൂപ | സബ് ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറക്ക് |
| 5 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | 1 പ്രസ്തുത ജനനം/ മരണം ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ നടന്നതായിരിക്കണം<br>2 ലഭ്യമായ തെളിവ് രേഖകൾ (സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, ബുക്ക് തുടങ്ങി ജനന / മരണ തീയതിയും ജനനം / മരണം നടന്ന സ്ഥലവും തെളിയിക്കുന്നതിനാവശ്യമായ രേഖകൾ)<br>3 ആവശ്യമെങ്കിൽ മറ്റ് രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നുള്ള റിപ്പോർട്ടുകളും പോലീസ് വെരിഫിക്കേഷനും അന്വേഷണവും കഴിഞ്ഞതിനു ശേഷം മാത്രമേ അനുവദിക്കുകയുള്ളൂ. | സർട്ടിഫിക്കറ്റ് ഫീസ് - 5/- രൂപ<br>തിരച്ചിൽ ഫീസ് - അപേക്ഷയനുസരിച്ച് ഓരോ വർഷത്തേക്കും 2/- രൂപ വീതം | 7 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 6 | ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിലുള്ള മാതാപിതാക്കളുടെ സംയുക്ത അപേക്ഷ. | അപേക്ഷയിൽ കുട്ടിയുടെ പേര് മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തിയിരിക്കണം. മാതാ പിതാക്കൾ ഒപ്പിട്ടതായിരിക്കണം. 5 വയസ്സ് കഴിഞ്ഞതാമെങ്കിൽ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കണം | ഒരു വർഷം വരെ സൌജന്യം. തുടർന്ന് 5/- രൂപ ലേറ്റ് ഫീ | 7 പ്രവൃത്തി ദിവസം |
| 7 | ജനന / മരണ സർട്ടിഫിക്കറ്റുകൾ | 5/- രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജനനമരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കുകയുള്ളൂ. ഇരുപത് രൂപയുടെ മുദ്രപത്രം ഹാജരാക്കണം (അപേക്ഷകന്റെ പേരിലുള്ളത്) | സർട്ടിഫിക്കറ്റ് ഫീ - 5/- രൂപ തെരച്ചിൽ ഫീ ഒരു വർഷത്തേക്ക് 2 രൂപ വീതം | 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് - രജിസ്ട്രേഷൻ ദിവസം. മറ്റുള്ളവ 7 പ്രവൃത്തി ദിവസം |
| 8 | എൻക്വയറി (തിരിച്ചറിയൽ) സർട്ടിഫിക്കറ്റ് (ജനന രജിസ്റ്ററിൽ പേര് ചേർക്കാൻ) | അഞ്ചുരൂപ കോർട്ട്ഫീസ് സ്റ്റാമ്പൊട്ടിച്ച് അപേക്ഷ/ജനനസ്ഥലം, പേര്, മാതാപിതാക്കളുടെ പേരും വിലാസവും എന്നിവ കാണിച്ചിരിക്കണം. | ജനനത്തീയതി, ജനനക്രമം, കുട്ടി ആണോ പെണ്ണോ എന്ന വിവരം, ജനനസ്ഥലം, പേര്, മാതാപിതാക്കളുടെ പേരും വിലാസവും എന്നിവ കാണിച്ചിരിക്കണം | ചട്ടപ്രകാരം അനുശാസിക്കുന്ന ഫീ. | 7 പ്രവൃത്തി ദിവസം |
| 9 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം / ചട്ടങ്ങൾക്ക് വിധേയമായി) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (1956 ലെ സിറ്റിസൺ (ഇന്ത്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇന്ത്യൻ പൌരന്മാരുടെ ഇന്ത്യക്കു വെളിയിലുള്ള എല്ലാ ജനനവും മരണവും ഇന്ത്യൻ കോൺസുലേറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്) | കുട്ടിയുടെ മാതാപിതാക്കൾ ഇന്ത്യയിൽ സ്ഥിരതാമസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഇന്ത്യയിൽ തിരിച്ചെത്തിയ തീയതി മുതൽ 60 ദിവസത്തിനകം അവരുടെ ഇന്ത്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ അപേക്ഷിക്കണം. കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം ഇന്ത്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 50 രൂപയിൽ കുറയാത്ത വിലയുള്ള മുദ്രപ്പത്രത്തിൽ ഒപ്പിട്ട് ഹാജരാക്കണം. മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കണം | 60 ദിവസം വരെ ഫീസില്ല. ഒരു വർഷം വരെ 5/- രൂപ. ഒരു വർഷത്തിനു ശേഷം 10/- രൂപ | 30 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 10 | പൊതു വിവാഹ രജിസ്ട്രേഷൻ | 5/- രൂപ കോർട്ട് ഫീസ്റ്റാമ്പൊട്ടിച്ച അപേക്ഷ | **A** **<u>വിവാഹം കഴിഞ്ഞ് 45 ദിവസങ്ങൾക്കുള്ളിൽ</u>**<br>1 ഈ പഞ്ചായത്ത് പരിധിക്കുള്ളിൽ നടന്ന വിവാഹം ആയിരിക്കണം<br>2 വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം (വധൂ വരന്മാർ പൂരിപ്പിക്കണം)<br>3 വിവാഹം നടന്നത് തെളിയിക്കുന്ന രേഖ (മതാചാരപ്രകാരം നടന്ന വിവാഹങ്ങൾക്ക് ബന്ധപ്പെട്ട മതാധികാരസ്ഥാപനം നൽകുന്ന വിവാഹസാക്ഷ്യപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെടുന്ന ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹങ്ങൾക്ക് ബന്ധപ്പെട്ട വിവാഹ ഓഫീസറുടെ സാക്ഷ്യപത്രം.<br>4 വധൂ വരന്മാരുടെ ജനനതീയതി, വിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ<br>5 മെമ്മോറാണ്ടത്തിൽ ഒപ്പിട്ടിരിക്കുന്ന സാക്ഷികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്<br>6 വരന്റെയോ വധുവിന്റെയോ വിവാഹം ആദ്യത്തേതല്ലെങ്കിൽ മുൻ വിവാഹം വേർപ്പെടുത്തിയ രേഖ ഹാജരാക്കണം<br>7 ആധാർ കാർഡിന്റെ പകർപ്പ് | രജിസ്ട്രേഷൻ ഫീസ് - 100/- രൂപ | 7 പ്രവൃത്തി ദിവസം |
| | | | **B** **<u>വിവാഹം കഴിഞ്ഞ് 45 ദിവസത്തിനു ശേഷം 5 വർഷം വരെ</u>**<br>1 **A** - യിലെ 1,2,3,4,5,6,7 എന്നിവ ബാധകം<br>2 ഗസറ്റഡ് ഓഫീസർ, എം.പി, എം.എൽ.എ, പഞ്ചായത്ത് മെമ്പർ ഇവരിൽ ഒരാളുടെ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം | രജിസ്ട്രേഷൻ ഫീസ് - 100/- രൂപ<br>പിഴ - 100/- രൂപ | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| | | | **C** **<u>വിവാഹം കഴിഞ്ഞ് 5 വർഷത്തിനു ശേഷം</u>** | രജിസ്ട്രേഷൻ ഫീസ് - 100/- രൂപ | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| | | | 1 **B** - യിലെ 1,2 എന്നിവ ബാധകം | പിഴ - 250/- രൂപ | |
| 11 | വിവാഹ രജിസ്ട്രേഷൻ (ഹിന്ദു വിവാഹങ്ങൾ മാത്രം) | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച അപേക്ഷ | 1 ഈ പഞ്ചായത്ത് പരിധിക്കുള്ളിൽ നടന്ന വിവാഹം ആയിരിക്കണം<br>2 വിവാഹതീയതി മുതൽ 15 ദിവസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണം<br>3 വധൂവരന്മാരുടെ ജനനസർട്ടിഫിക്കറ്റും വിവാഹം നടന്നത് ക്ഷേത്രത്തിൽ വച്ചാണെങ്കിൽ ക്ഷേത്ര ഭാരവാഹികളുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം<br>4 വരന്റെയോ വധുവിന്റെയോ വിവാഹം ആദ്യത്തേതല്ലെങ്കിൽ മുൻ വിവാഹം വേർപ്പെടുത്തിയ രേഖ ഹാജരാക്കണം | | 7 പ്രവൃത്തി ദിവസം |
| 12 | വിവാഹ സർട്ടിഫിക്കറ്റ് | 5/- രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച് നിർദ്ദിഷ്ട ഫോറത്തിൽ വിവരങ്ങൾ കാണിച്ച് അപേക്ഷ | ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കുകയുള്ളൂ. | 10 രൂപ | 7 പ്രവൃത്തി ദിവസം |
| 13 | കെട്ടിടം പണിയുന്നതിനുള്ള പെർമിറ്റ്/ റഗുലറൈസേഷൻ | 5 /- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട അപേക്ഷ | 1 അപേക്ഷ ഇ-ഫയലിംഗ് നടത്തിയിരിക്കണം (ആയതിന്റെ പ്രിന്റ് എടുത്ത് രേഖകളോടൊപ്പം സമർപ്പിക്കണം)<br>2 സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ് (ഒറിജിനൽ വെരിഫിക്കേഷൻ നടത്തുന്നതിന്കൊണ്ടുവരണം)<br>3 തന്നാണ്ട് ഭൂനികുതി അടച്ചരസീത്<br>4 കൈവശാവകാശ സർട്ടിഫിക്കറ്റ്<br>5 ലൈസൻസ് എഞ്ചിനീയർ/ ആർക്കിടെക്റ്റ് വരച്ച 3 സെറ്റ് പ്ലാൻ (പ്ലാനിൽ സൈറ്റ്പ്ലാൻ കാണിച്ചിരിക്കണം)<br>6 പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ ലൈസൻസ് പകർപ്പ് | അപേക്ഷാ ഫീസ് - 30/- രൂപ, പെർമിറ്റ് ഫീസ് കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ പ്രകാരം | 15 ദിവസം |

| | | | | | |
|---|---|---|---|---|---|
| 14 | പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിന് | 5 /- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട അപേക്ഷ | സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖയുടെ പകർപ്പ്, ലഭിച്ച പെർമിറ്റ്, പെർമിറ്റ് പ്ലാൻ (ഒറിജിനൽ), കരം അടവാക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് | 100/- രൂപ | 15 ദിവസം |
| 15 | പെർമിറ്റ് പുതുക്കുന്നതിന് | 5 /- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച നിർമ്മാണത്തിൻറെ നിലവിലെ അവസ്ഥ കാണിച്ചുകൊണ്ടുള്ള അപേക്ഷ | ലഭിച്ച പെർമിറ്റ്, പെർമിറ്റ് പ്ലാൻ (ഒറിജിനൽ), കരം അടവാക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് | ചട്ടപ്രകാരമുള്ള ഫീസ് | 15 ദിവസം |
| 16 | കെട്ടിടത്തിന് നമ്പർ പതിക്കൽ | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ. | ലൈസൻസ് എഞ്ചിനീയറുടെ/ഉടമയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർമിറ്റ് കോപ്പി, പൂർത്തീകരണ പ്ലാൻ, കരം അടവാക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ഫോറം 2 ലുള്ള റിട്ടേൺ (പെർമിറ്റ് എടുക്കാത്ത കെട്ടിടമാണെങ്കിൽ പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട എല്ലാ രേഖകളും ഹാജരാക്കണം) | ഫീസ് ഇല്ല | 30 ദിവസം |
| 17 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | അഞ്ചുരൂപ കോർട്ട്ഫീസ് സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ. | കെട്ടിട നമ്പർ കാണിച്ചിരി ക്കണം. തന്നാണ്ട് വരെയുള്ള കെട്ടിട നികുതി അടയ്ക്കണം | ഇല്ല | 3 പ്രവൃത്തി ദിവസം |
| 18 | കെട്ടിട നികുതി രജിസ്റ്ററിൽ താമസക്കാരനായി ചേർക്കുന്നതിനുള്ള അപേക്ഷ | അഞ്ചുരൂപ കോർട്ട്ഫീസ് സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ. | കെട്ടിട നമ്പർ കാണിച്ചിരിക്കണം. ഉടമസ്ഥന്റെ സമ്മത പത്രം, വാടകകരാർ, കെട്ടിടഉടമസ്ഥന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ ഹാജരാക്കണം, കെട്ടിട നികുതി അടയ്ക്കണം | ഇല്ല | 7 പ്രവൃത്തി ദിവസം |
| 19 | താമസ സർട്ടിഫിക്കറ്റ് | അഞ്ചുരൂപ കോർട്ട്ഫീസ് സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ. | കെട്ടിട നമ്പർ കാണിച്ചിരിക്കണം. ഉടമസ്ഥന്റെ സമ്മത പത്രം, വാടകകരാർ, കെട്ടിടഉടമസ്ഥന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ ഹാജരാക്കണം, കെട്ടിട നികുതി അടയ്ക്കണം | ഇല്ല | 7 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 20 | കെട്ടിട ഉടമസ്ഥാ വകാശം കൈമാറ്റം ചെയ്യൽ | 5/- രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും രേഖകളുടെ പകർപ്പും. | വസ്തു കൈമാറിയത് സംബന്ധിച്ച് അസ്സൽ രേഖ, തന്നാണ്ട് ഭൂനികുതി അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ്, വസ്തു കൈവശക്കാരൻ മരണപ്പെട്ടതാണെങ്കിൽ മരണസർട്ടിഫിക്കറ്റിൻരെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിന്തുടർച്ചാ അവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വസ്തു വിൽപ്പന നടത്തിയ ആളുടെ സമ്മതപത്രം, നികുതി അടച്ച് തീർത്തിരിക്കണം. (ആധാര ത്തിൽ വാർഡ് നമ്പറും കെട്ടിട നമ്പറും കാണിച്ചിരിക്കണം) | 500/- (3 മാസത്തിന് ശേഷം അപേക്ഷിക്കുന്ന സംഗതിയിൽ) | 45 ദിവസം |
| 21 | കെട്ടിട നികുതി അപ്പീൽ അപേക്ഷ | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച അപേക്ഷ . | അപേക്ഷയിൽ സെക്രട്ടറി ചുമത്തിയിട്ടുള്ള നികുതി അധികമാണെന്ന് പറയുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കണം. നികുതി ചുമത്തി 30 ദിവസത്തിനകം നികുതി അടച്ച് തീർത്ത് ആയതിന്റെ വിവരങ്ങൾ ചേർത്തിരിക്കണം. | ഫീസ് ഇല്ല | സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശേഷം |
| 22 | കെട്ടിട നികുതി ഒഴിവാക്കൽ അപേക്ഷ | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച അപേക്ഷ . | നികുതി അടച്ച് തീർത്തിരിക്കണം, നികുതി ഒവിവാക്കുന്നതിന് വ്യക്തമായ കാരണവും ആയത് തെളിയിക്കുന്നതിനുള്ള രേഖകളും ഹാജരാക്കണം | ഇല്ല | സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശേഷം |
| 23 | കെട്ടിടത്തിലെ നിലവിലുള്ള അവസ്ഥയ്ക്ക് മാറ്റം വരുത്തുമ്പോൾ | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച അപേക്ഷ . | കെട്ടിടത്തിന്റെ പ്ലാൻ പകർപ്പ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, വസ്തുവിന്റെ തന്നാണ്ട് നികുതി അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് | പുതുക്കിയ കെട്ടിട നികുതി അയ്ക്കെണം | 15 ദിവസം |
| 24 | വാസയോഗ്യമായ വീട് ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ | അപേക്ഷകന്റെയോ കുടുംബത്തിന്റെയോ പേരിൽ വാസയോഗ്യമായ വീടുണ്ടായിരിക്കരുത്. നേരിൽ പരിശോധിച്ചതിനു ശേഷം മാത്രമെ സർട്ടിഫിക്കറ്റ് അനുവദിക്കൂ. | ഇല്ല | 7 പ്രവൃത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 25 | എഫ്.റ്റി.ഇ & ഒ.എസ്. ലൈസൻസ് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | പുതിയതായി ലൈസൻസ് എടുക്കാനുദ്ദേശിക്കുന്നവർ സ്ഥാപനം പ്രവർത്തനം തുടങ്ങുന്നതിന് 30 ദിവസം മുമ്പും നിലവിലുള്ള ലൈസൻസ് പുതുക്കാൻ ഉദ്ദേശിക്കുന്നവർ ഫെബ്രുവരി മാസത്തിലും അപേക്ഷ നൽകണം. താമസിച്ചു വരുന്ന അപേക്ഷകളോടൊപ്പം ലേറ്റ് ഫീ അടച്ച രസീതും ഉണ്ടായിരിക്കണം. വാടക കെട്ടിടമാണെങ്കിൽ വാടകച്ചീട്ട്, സമ്മതപത്രം എന്നിവ ഹാജരാക്കണം | ചട്ടപ്രകാരമുള്ള ഫീസ് | പുതിയതായി ആരംഭിക്കുന്നവക്ക് 15 ദിവസത്തിനു ശേഷവും പുതുക്കുന്നതിന് 4 പ്രവൃത്തി ദിവസങ്ങൾക്കു ശേഷവും |
| 26 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. | സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. യോഗ്യതകൾ സംബന്ധിച്ചും കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും രേഖകൾ സമർപ്പിക്കണം. | ചട്ടം അനുശാസിക്കുന്ന വിധം | |
| 27 | ഫാക്ടറികൾ ആരംഭിക്കുന്നതിന് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | സ്ഥലത്തിന്റെ രേഖ (കെട്ടിടം വാടകക്കാണെങ്കിൽ ഉടമയുടെ സമ്മതപത്രം) , കെട്ടിടത്തിന്റെ സൈറ്റ്പ്ലാൻ, സമീപ വാസികളുടെ സമ്മതപത്രം, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സർട്ടിഫിക്കറ്റുകള്, 5 എച്ചിപിയക്ക് മുകളിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയം, എല്ലാ നികുതികളും അടച്ചിരിക്കണം. | ചട്ടം അനുശാസിക്കുന്ന വിധം | 45 ദിവസം |
| 28 | വ്യവസായ സ്ഥാപനത്തിൽ മെഷിനറി സ്ഥാപിക്കുന്നതിനുള്ള അനുവാദം | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | സ്ഥലത്തിന്റെ രേഖ (കെട്ടിടം വാടകക്കാണെങ്കിൽ ഉടമയുടെ സമ്മതപത്രം) , കെട്ടിടത്തിന്റെ സൈറ്റ്പ്ലാൻ, സമീപ വാസികളുടെ സമ്മതപത്രം, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സർട്ടിഫിക്കറ്റുകള്, 5 എച്ചിപിയക്ക് മുകളിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയം, എല്ലാ നികുതികളും അടച്ചിരിക്കണം. | ചട്ടം അനുശാസിക്കുന്ന വിധം | യുക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ 15 ദിവസത്തിനകം |
| 29 | പരസ്യങ്ങൾ പ്രദർശിപ്പിക്കുന്ന തിന് അനുമദി | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്ന പരസ്യത്തിന്റെ വിസ്തീർണ്ണം (സ്ക്വ. മീ.), സ്ഥലം ഉടമയുടെ സമ്മതപത്രം ഇവ ഉണ്ടായിരിക്കണം | ചട്ടം അനുശാസിക്കുന്ന വിധം | 15 പ്രവൃത്തി ദിവസങ്ങൾ |

| | | | | | |
|---|---|---|---|---|---|
| 30 | സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ | 1) നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം. 2) യോഗ്യതകൾ സംബന്ധിച്ചും കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും രേഖകൾ സമർപ്പിക്കണം. | അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങളും യോഗ്യതയും ഉണ്ടായിരിക്കണം. പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് 15 ദിവസം മുമ്പും പുതുക്കുന്നതിന് സാമ്പത്തികവർഷത്തിന് മുമ്പും ലഭിച്ചിരിക്കണം. | ചട്ടം അനുശാസിക്കുന്ന വിധം | 15 പ്രവൃത്തി ദിവസങ്ങൾ |
| 31 | പന്നി, പട്ടി എന്നവ വളർത്തുന്നതിനുള്ള ലൈസൻസ് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | കുത്തിവെയ്പ്പ് നടത്തിയതായുള്ള മൃഗഡോക്ടറുടെ സർട്ടിഫിക്കറ്റ്, പന്നികളെ വളർത്തുന്നതിന് സമീപവാസികളുടെ സമ്മതപത്രവും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റും ലഭിക്കണം. | ഓരോ മൃഗത്തിനും 10/- രൂപ വീതം | 5 ദിവസം |
| 32 | ജനകീയാസൂത്രണ രേഖകൾ പ്രൊജക്ടുകൾ ബിൽ ഗുണഭോക്തൃ സമിതി നടപടികൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രേഖകൾ മിനിട്ട്സ് തുടങ്ങിയ എല്ലാ രേഖകളും | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | ഇല്ല | ചട്ടപ്രകാരം അനുശാസിക്കുന്ന ഫീ. | 7 പ്രവൃത്തി ദിവസം |
| 33 | ഗ്രാമപഞ്ചായത്തിലെ രേഖകളുടെ പകർപ്പുകൾ | അഞ്ചുരൂപ കോർട്ട്ഫീസ് സ്റ്റാമ്പൊട്ടിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ. | കേരള പഞ്ചായത്ത് രാജ് ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം പൊതുജനങ്ങൾക്ക് നൽകാവുന്ന രേഖകളുടെ പകർപ്പുകൾ മാത്രം | ചട്ടപ്രകാരം അനുശാസിക്കുന്ന ഫീ. | 30 പ്രവൃത്തി ദിവസം |
| 34 | ഉപഭോക്തൃസമിതി കരാർ ഉണ്ടാക്കി ഒപ്പുവെക്കൽ | യോഗ നോട്ടീസ്, മിനിറ്റ്സ്, മിനിറ്റ്സിന്റെ ശരി പകർപ്പ്, യോഗ നോട്ടീസ് നൽകിയതിന്റെ രസീതി,കരാർ മദ്രപത്രം (50 രൂപയുടെ 2 എണ്ണം) ബാങ്ക് ജോ.അക്കൗണ്ട് പാസ്സ് ബുക്ക് | ചെയർമാൻ കൺവീനർ ഉൾപ്പെടെയുള്ള ഗുണഭോക്തൃസമിതി അംഗങ്ങൾ 2 സാക്ഷികൾ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ ഒപ്പിടണം. | | അതേദിവസം |
| 35 | മൊബലൈസേഷൻ അഡ്വാൻസ് | കൺവീനർ 50 രൂപ മുദ്രപത്രം സഹിതം അപേക്ഷ സമർപ്പിക്കണം | പ്രവർത്തിയുടെ ബോർഡ് സ്ഥാപിച്ചിരിക്കണം (ഗുണഭോക്തൃ സമിതിയെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിരിക്കണം) | ഇല്ല | അതേദിവസം |

| | | | | | |
|---|---|---|---|---|---|
| 36 | വൈദ്യുതി കണക്ഷൻ | 1. വീടിന്റെയോ, മറ്റിതര കെട്ടിടങ്ങളുടെ യോ വയറിംഗ് പൂർണ്ണമയി നടത്തിയിരിക്കണം. 2.15ദിവസത്തിനകം | എർത്ത് 5 മീറ്റർ അകലത്തിൽ ഭിത്തിയിൽ നിന്നും കണക്ഷന് ഒന്നരമീറ്റർ മാറി 2 കുഴി എടുക്കണം. അതിൽ ഉപ്പ്, കരി എന്നിവ നിറച്ച് ഒന്നര മീറ്റർ പൈപ്പ് രണ്ടര മീറ്റർ നീളത്തിൽ ടി കുഴിയിൽ വെച്ച് ഉപ്പ് കരി എന്നിവ ഇടവിട്ട് നിറയ്ക്കണം. രണ്ട് പൈപ്പുകൾ തമ്മിൽ മണ്ണിന്റെ അടിയിലൂടെ ഇന്റലിംഗ് ചെയ്യണം. | 15 ദിവസത്തിനകം സി.ഡി. അടയ്ക്കണം. | കണക്ഷന് ബോർഡിന്റെ ഉത്തരവും മെറ്റീരിയൽസിന്റെ ലഭ്യതയും അനുസരിച്ച് ലഭിക്കും. |
| 37 | പരാതികളെ സംബന്ധിച്ച് | ഈ ഓഫീസിലെ പരാതി പുസ്തകത്തിൽ രേഖാമൂലം രേഖപ്പെടുത്തുക | | | 24 മണിക്കൂറിനകം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം / ആവശ്യമായ രേഖകൾ | നിബന്ധനകൾ | അടയ്ക്കേണ്ട ഫീസ് | ലഭ്യമാക്കുന്ന ദിവസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നിർദ്ദിഷ്ട ഫോറത്തിലുള്ള ഫോട്ടോ പതിച്ച അപേക്ഷ, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (മെഡിക്കൽ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്) റേഷൻ കാർഡ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് (വാർഷിക കുടുംബ വരുമാനം 100000/- രൂപയിൽ കവിയരുത്. ഈ പരിധി അന്വേഷണ ഉദ്യോഗസ്ഥനും സെക്രട്ടറിക്കും ബോദ്ധ്യപ്പെടണം. GO(MS) No. 483/2017/ GM dtd 06.11.2017) ഓൺലൈൻ ഇ-ഫയലിംഗ് മുഖേന അപേക്ഷ സമർപ്പിക്കണം. | അപേക്ഷകന്റെ പ്രായം 60 വയസ്സിന് മുകളിലായിരിക്കണം. (എസ്.എസ്.എൽ.സി.ബുക്ക്ക് പാസ്സ്പോർട്ട്/ജനനസർട്ടിഫിക്കറ്റ്/ ഡ്രൈവിംഗ് ലൈസൻസ് ഇതൊന്നും ലഭ്യമല്ലെങ്കിൽ ഗവ. ഡോക്ടറുടെ വയസ് തെളിയിക്കുന്ന സാക്ഷ്യപത്രം. 2000 ച.മീറ്ററിൽ താഴെയുള്ള വീട് ആയിരിക്കണം. 1000 c.c. യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള 4 ചക്ര വാഹനം സ്വന്തമായിട്ടില്ലാത്തവരായിരിക്കണം. ഗ്രാമസേവകന്റെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ കളക്ടറുടേയും തീരുമാനത്തിന് വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. കേരളത്തിൽ തുടർച്ചയായി 3 വർഷത്തിൽ കുറയാതെ താമസിച്ചിരിക്കണം | ഇല്ല | അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്. ഡി.ബി.റ്റി സെല്ലിന്റെ വാലിഡേഷൻ തീയതിക്കു ശേഷം മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. |
| 2 | വിധവ പെൻഷൻ (പ്രതിമാസം 1600/- രൂപ) വിധവകൾക്കും വിവാഹമോചിതർക്കും | നിർദ്ദിഷ്ട മാതൃകയിലുള്ള ഫോട്ടോ പതിച്ച അപേക്ഷ. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ ഉപേക്ഷിക്കപ്പെട്ടത് സംബന്ധിച്ച രേഖ/ ഏഴുവർഷമായി ഭർത്താവിന്റെ അസാന്നിദ്ധ്യം സംബന്ധിച്ച് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.റേഷൻ കാർഡ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് (വാർഷിക കുടുംബ വരുമാനം 100000/- രൂപയിൽ കവിയരുത്. ഈ പരിധി അന്വേഷണ ഉദ്യോഗസ്ഥനും സെക്രട്ടറിക്കും ബോദ്ധ്യപ്പെടണം. GO(MS) No. 483/2017/ GM dtd 06.11.2017) ഓൺലൈൻ ഇ- ഫയലിംഗ് മുഖേന അപേക്ഷ സമർപ്പിക്കണം. | പ്രായപരിധി ഇല്ല. സംസ്ഥാനത്തു തന്നെ മൂന്നുവർഷമായി താമസിച്ചുവരുന്ന ആളായിരിക്കണം. 7 വർഷക്കാലമായി ഭർത്താവിന്റെ യാതൊരു വിവരവും അറിയാതെ ജീവിക്കുന്നവരും പുനർവിവാഹം ചെയ്യിട്ടില്ലാത്തവരുമായിരിക്കണം. (ആയത് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം) 2000 ച.മീറ്ററിൽ താഴെയുള്ള വീട് ആയിരിക്കണം. 1000 c.c. യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള 4 ചക്ര വാഹനം സ്വന്തമായിട്ടില്ലാത്തവരായിരിക്കണം. ICDS സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ കളക്ടറുടേയും തീരുമാനത്തിന് വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. കേരളത്തിൽ തുടർച്ചയായി 3 വർഷത്തിൽ കുറയാതെ താമസിച്ചിരിക്കണം | ഇല്ല | അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്. ഡി.ബി.റ്റി സെല്ലിന്റെ വാലിഡേഷൻ തീയതിക്കു ശേഷം മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. |

| | | | | | |
|---|---|---|---|---|---|
| 3 | വികലാംഗ പെൻഷൻ (ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്നവർ) (പ്രതിമാസം 1600/- രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള ഫോട്ടോ പതിച്ച അപേക്ഷ. വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ശതമാനം കാണിച്ചിരിക്കണം - വൈകല്യം തെളിയിക്കുന്നതിന് അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ്) റേഷൻ കാർഡ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്. ഓൺലൈൻ ഇ- ഫയലിംഗ് മുഖേന അപേക്ഷ സമർപ്പിക്കണം. | പ്രായപരിധി ഇല്ല. അപേക്ഷകൻ മന്ദബുദ്ധിയോ പ്രായപൂർത്തിയാകാത്ത ആളോ ആണെങ്കിൽ രക്ഷകർത്താവിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ കളക്ടറുടേയും തീരുമാനത്തിന് വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. കേരളത്തിൽ തുടർച്ചയായി 3 വർഷത്തിൽ കുറയാതെ താമസിച്ചിരിക്കണം. 1200 ച.മീറ്ററിൽ താഴെയുള്ള വീട് ആയിരിക്കണം. 1000 c.c. യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള 4 ചക്ര വാഹനം സ്വന്തമായിട്ടില്ലാത്തവരായിരിക്കണം. ഗുണഭോക്താവിന് വേണ്ടി പെൻഷൻ സ്വീകരിക്കാവുന്നതുമാണ്. മൈനറോ മന്ദബുദ്ധിയോ ആണെങ്കിൽ രക്ഷിതാവിന് ഇവ ലഭിക്കാൻ 50 രൂപ മുദ്ര പത്രത്തിൽ നിശ്ചിത കരാർ വെച്ചിരിക്കേണ്ടതാണ്. വാർഷിക കുടുംബ വരുമാനം 100000/- രൂപയിൽ കവിയരുത്. ഈ പരിധി അന്വേഷണ ഉദ്യോഗസ്ഥനും സെക്രട്ടറിക്കും ബോദ്ധ്യപ്പെടണം. (GO(MS) No. 483/2017/ GM dtd 06.11.2017) | ഇല്ല | അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്. ഡി.ബി.റ്റി സെല്ലിന്റെ വാലിഡേഷൻ തീയതിക്കു ശേഷം മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. |
| 4 | കർഷക തൊഴിലാളി പെൻഷൻ (പ്രതിമാസം 1600/- രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള ഫോട്ടോ പതിച്ച അപേക്ഷ, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, 10 വർഷത്തിൽ കുറയാതെ കർഷക തൊഴിലാളിയായിരുന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ്. ക്ഷേമനിധി അംഗത്വ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ഓൺലൈൻ ഇ- ഫയലിംഗ് മുഖേന അപേക്ഷ സമർപ്പിക്കണം. | അപേക്ഷകന് 60 വയസ്സ് തികഞ്ഞിരിക്കണം. കേരള കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കണം. കേരളത്തിലെ ഏതെങ്കിലും ഭൂ ഉടമയുടെ കീഴിൽ 10 വർഷത്തിൽ കുറയാതെ കാർഷിക ജോലി ചെയ്തിട്ടുണ്ടായിരിക്കണം. 1200 ച.മീറ്ററിൽ താഴെയുള്ള വീട് ആയിരിക്കണം. 1000 c.c. യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള 4 ചക്ര വാഹനം സ്വന്തമായിട്ടില്ലാത്തവരായിരിക്കണം. പ്ലാന്റേഷൻ തൊഴിലാളി ആയിരിക്കരുത്. കൃഷി അസ്സിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസറുടെയും തീരുമാനത്തിന് വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. വാർഷിക കുടുംബ വരുമാനം 100000/- രൂപയിൽ കവിയരുത്. ഈ പരിധി അന്വേഷണ ഉദ്യോഗസ്ഥനും സെക്രട്ടറിക്കും ബോദ്ധ്യപ്പെടണം. (GO(MS) No. 483/2017/ GM dtd 06.11.2017) | ഇല്ല | അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് വിവരം നൽകുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
